DESPATCHED
On 17/02/2020
4.1.20.



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **CP. 980*(2)/2018*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 14172/*എസ്.ഐ.സി–ജി 6/2018*)

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ.ഡി.ബി.ബിനു
ആർ.ടി.ഐ.കേരള ഫെഡറേഷൻ
ഫാത്തിമ പ്ലാസ, പ്രൊവിഡൻസ് റോഡ്
കൊച്ചി–682018
} പരാതി ഹർജിക്കാരൻ

**Vs**

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി
മിനിസ്റ്റർ ഫോർ ഹയർ എഡ്യൂക്കേഷൻ കേരള
അനക്സ് 1, 4–ാം നില, ഗവ.സെക്രട്ടറിയറ്റ്,
തിരുവനന്തപുരം
} എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 04.11.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 15.11.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 02.12.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 06.12.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 08.08.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 07.09.2019 കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല.<br>ഹാജരായിരുന്നു |

## ഉത്തരവ്

പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ മറുപടി തൃപ്തികരമല്ലെന്നും സമയബന്ധിതമായി വകുപ്പ് കൈമാറി നൽകിയില്ലെന്നും ആയതിനാൽ മേൽപ്പടി എതിർകക്ഷിയ്ക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരൻ 04.11.2018-ാം തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിൽ ജനറൽ മാനേജർ തസ്തികയിലേയ്ക്ക് ബന്ധുനിയമനം നടന്നുവെന്ന് ആരോപണമുയർന്ന സാഹചര്യത്തിൽ ഇനം 1-ൽ മേൽ പരാമർശിച്ച കോർപ്പറേഷൻ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ജി.എം ഉൾപ്പെടെയുള്ള പദവികളിൽ യോഗ്യരായവരെ നിയമിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളും മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന സർക്കാർ ഉത്തരവുകളുടെ പകർപ്പും, ഇനം 2-ൽ പരാമർശിച്ച വിവാദ നിയമനത്തിൽ ഈ നടപടിക്രമങ്ങളെല്ലാം അനുവർത്തിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അക്കാര്യം വ്യക്തമാക്കുന്ന മുഴുവൻ രേഖകളുടെയും പകർപ്പുകളും നൽകണമെന്നും തുടങ്ങി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്

3. മേൽപ്പടി അപേക്ഷയ്ക്ക് മറുപടിയായി 15.11.2018 ന് എതിർകക്ഷി അറിയിച്ചത്, ഹർജിക്കാരൻ നൽകിയ അപേക്ഷയിലെ ഇനം 1, 2, 6,7 എന്നീ നമ്പറുകളിൽ രേഖപ്പെടുത്തിയ വിഷയങ്ങൾ സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്യുന്നത് ഗവ.സെക്രട്ടറിയേറ്റിലെ പൊതുഭരണ ന്യൂനപക്ഷ ക്ഷേമ (എം.ഡബ്ല്യൂ) വകുപ്പിലും ഇനം 3,4,5 എന്നീ നമ്പറുകളിൽ രേഖപ്പെടുത്തിയ വിഷയങ്ങൾ സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്യുന്നത് കേരള ന്യൂനപക്ഷവികസന ധനകാര്യകോർപ്പറേഷൻ ഓഫീസിലുമാണെന്നും, ടി വിവരങ്ങൾ നിയമാനുസൃതം ലഭ്യമാക്കാൻ ടി വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ്.

4. 24.08.2019 തീയതി എതിർകക്ഷി കമ്മീഷനിൽ സമർപ്പിച്ച വിശദീകരണത്തിൽ ഹർജിക്കാരൻ നൽകിയ അപേക്ഷയിലെ വിഷയങ്ങൾ സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്യുന്നത് ഗവ.സെക്രട്ടറിയേറ്റിലെ പൊതുഭരണ ന്യൂനപക്ഷ ക്ഷേമ (എം.ഡബ്ല്യൂ) വകുപ്പിലും, കേരള ന്യൂനപക്ഷവികസന ധനകാര്യകോർപ്പറേഷൻ ഓഫീസിലുമാണ്. ആയതിനാൽ 15.11.2018 ന് 6(3)(ii) പ്രകാരം ബന്ധപ്പെട്ട അധികാര കേന്ദ്രങ്ങളിലേയ്ക്ക് കൈമാറുകയും സമയബന്ധിതമായി വിവരങ്ങൾ നൽകണമെന്ന് നിർദ്ദേശിക്കുകയും, ലഭ്യമായ വിവരങ്ങൾ നൽകിയതായി അറിയിക്കുകയും ചെയ്തുവെന്നുമാണ്. കേരള നിയമസഭയുടെ 13-ാം സമ്മേളനം 27.11.2018 മുതൽ 13.12.2018 വരെ നടക്കുകയും നിയമസഭയുടെ നടപടിക്രമങ്ങളും ചട്ടങ്ങളും നിഷ്കർഷിക്കുന്ന പ്രകാരം അംഗങ്ങൾ 12 ദിവസം മുന്നേ ചോദ്യങ്ങൾ നിയമസഭയിൽ സമർപ്പിക്കുമ്പോൾ ഈ കാലയളവിൽ മറുപടി നൽകേണ്ടതുണ്ടെന്നും, ബഹു. അംഗങ്ങൾ ചട്ടങ്ങൾ പ്രകാരം പ്രതിപാദ്യവിഷയം സഭയിലുന്നയിക്കുമ്പോൾ മറുപടി പറയേണ്ടതും ആയതിനാൽ ഫയൽ കുറച്ചുദിവസം മന്ത്രിയാഫീസിന്റെ പരിശോധനയിലായിരുന്നുവെന്നും, വിവരാവകാശനിയമം 8(i) ൽ (i) പ്രകാരം ഫയൽ സംസ്ഥാന നിയമസഭയുടെ വിശേഷ അവകാശത്തിന് ലംഘനമായിത്തീർന്നേക്കാവുന്ന സാഹചര്യം ഉടലെടുക്കാതിരിക്കാനാണ് പരിശോധിച്ചതെന്നും എന്നിരുന്നാലും ടി ഫയൽ നിയമം നിഷ്കർഷിക്കുന്ന

കാലയളവിൽ തന്നെ മറുപടി ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട അധികാരകേന്ദ്രത്തിലേയ്ക്ക് നൽകുകയുണ്ടായിയെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ എതിർകക്ഷി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ ഹർജിക്കാരന് നൽകിയതായി കാണുന്നതിനാലും ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേ ദിവസം 2020 ജനുവരി 4–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

**(ഒപ്പ്)**

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**